# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : * 316

20/06/2019-ൽ മറുപടി
നൽകേണ്ടത്

## ആലപ്പുഴ - ചങ്ങനാശ്ശേരി ജലപാത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ജെ. ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. സി. എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| (എ) ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാത ദേശീയ ജലപാതയായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് എന്നാണ് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | (എ) ഉണ്ട്. നാഷണൽ വാട്ടർവേ ആക്റ്റ് , 2016 പ്രകാരം 26-03-2016-ലാണ് ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ ദേശീയ ജലപാത- 8 (NW-8) ആയി പ്രഖ്യാപിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പ്രഖ്യാപനത്തിനുശേഷം ഈ ജലപാത ദേശീയ ജലപാതയുടെ നിലവാരത്തിലാക്കാൻ എന്തെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) യാത്രാ ബോട്ടുകൾക്കും ടൂറിസ്റ്റ് ബോട്ടുകൾക്കും ഉപയോഗപ്രദമായ രീതിയിൽ ഈ ജലപാതയിലുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനു വേണ്ട പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ ;<br>(ഡി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നടപടികളിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ ; എങ്കിൽ ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) & (ഡി) ദേശീയ ജലപാത-8 (ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ) National Waterway Class - III നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് Inland Waterways Authority of India (IWAI) തയ്യാറാക്കുകയും അതിന്റെ പകർപ്പ് സംസ്ഥാനത്തിന്റെ അഭിപ്രായത്തിനായി ലഭ്യമാക്കുകയും ആയത് സർക്കാരിൽ പരിശോധിച്ചു വരികയുമാണ്. യാത്രാ ബോട്ടുകൾക്കും ടൂറിസ്റ്റ് ബോട്ടുകൾക്കും ഉപയോഗപ്രദമാകത്തക്ക വിധത്തിൽ പാലങ്ങൾ ദേശീയ ജലപാതാ നിലവാരത്തിൽ ഉയർത്തി പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളും DPR ൽ നിഷ്കർഷിച്ചിട്ടുണ്ട്. ദേശീയജലപാത വികസനത്തിന്റെ അഭിവൃദ്ധി അവലോകനം ചെയ്യുന്നതി |

നായി സർക്കാർ തലത്തിൽ 07/01/2019, 13/06/2019 എന്നീ തീയതികളിൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ IWAI യുടെ പ്രതിനിധികൾ പങ്കെടുക്കുകയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ ഉൾപ്പെടെയുള്ള ദേശീയ ജലപാതകളുടെ വികസന പുരോഗതി ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ IWAI-യോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**